അധിക വൈദ്യുതി ഉല്പാദനത്തെക്കുറിച്ച് പഠനം

7 [5350] ശ്രീ. ഷിബു ബേബിജോൺ:
,, ഉമേഷ് ചള്ളിയൽ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്ക് വരുംവർഷങ്ങളിൽ ആവശ്യമായി വരുന്ന അധിക വൈദ്യുതി ഉല്പാദനത്തെക്കുറിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ജല-താപ വൈദ്യുതി നിലയങ്ങൾവഴി അധിക വൈദ്യുതി ഉല്പാദിപ്പിക്കാനാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഊർജ്ജ കമ്മി നേരിടാൻ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ വരുംവർഷങ്ങളിലെ വൈദ്യുതി ആവശ്യകത ചുവടെ ചേർക്കുന്നു:

വർഷം		വൈദ്യുതിയുടെ ആവശ്യകത (എം. യു.)
2003-04	..	12970
2004-05	..	13490
2005-06	..	14030
2006-07	..	14590

(ബി) ഉണ്ട്. വൈദ്യുതി ഡിമാന്റ് അനുസരിച്ച് പത്താം പദ്ധതിക്കാലത്ത് 440.35 മെഗാവാട്ട് ശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 161 മെഗാവാട്ട് ശേഷി പ്രതീക്ഷിക്കുന്ന 61 ചെറുകിട ജലവൈദ്യുത പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. കൂടാതെ കേന്ദ്ര പൂളിൽനിന്നും 470 മെഗാവാട്ട് വൈദ്യുതി പത്താം പദ്ധതിക്കാലത്ത് ലഭ്യമാക്കുന്നതാണ്.

(ഡി) പ്രസക്തമല്ല.

ജലഅതോറിറ്റിക്ക് കിട്ടാനുള്ള കുടിശ്ശിക തുക

8 [5353] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly